**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 189** **14-09-2023 - ൽ മറുപടിയ്ക്ക്**

**കൂടിയവിലയ്ക്ക് വൈദ്യുതി വാങ്ങുന്നതിനുള്ള ഹ്രസ്വകാല കരാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീമതി ഉമ തോമസ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കുറഞ്ഞവിലയ്ക്ക് വൈദ്യുതി ലഭിച്ചിരുന്ന ദീർഘകാല കരാറുകൾ റദ്ദാക്കി കൂടിയവിലയ്ക്ക് വൈദ്യുതി വാങ്ങുന്നതിനുള്ള ഹ്രസ്വകാല കരാറുകൾക്കായി കെ.എസ്.ഇ.ബി. റെഗുലേറ്ററി കമ്മീഷന്റെ അനുമതി തേടിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ; | (എ) | ഇല്ല. 2014-15 കാലയളവിൽ ഒപ്പ് വച്ച ദീർഘകാല കരാറുകൾക്ക് അംഗീകാരം നൽകണമെന്ന കെ.എസ്.ഇ.ബി.എൽ-ന്റെ ആവശ്യം നിരസിച്ചുകൊണ്ട് 10.05.2023-ൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചു. കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരമുള്ള നടപടി ക്രമങ്ങളും ടെണ്ടർ നടപടി ക്രമങ്ങളും പാലിക്കുന്നതിൽ കെ.എസ്.ഇ.ബി.എൽ വീഴ്ച വരുത്തിയതിനാലാണ് കരാറുകൾ അംഗീകരിക്കാതിരിക്കുവാനുള്ള കാരണമായി കമ്മീഷൻ ഉത്തരവിൽ പരാമർശിക്കുന്നത്. ദീർഘകാല കരാറുകൾ റദ്ദാക്കിയ റഗുലേറ്ററി കമ്മീഷന്റെ നടപടിക്കെതിരെ കെ.എസ്.ഇ.ബി.എൽ സമർപ്പിച്ച അപ്പീൽ അപ്പലേറ്റ് ട്രിബ്യൂണൽ ഫോർ ഇലക്ട്രിസിറ്റി (APTEL) -യുടെ പരിഗണനയിലാണ്. ദീർഘകാല കരാർ റദ്ദാക്കിയതു മൂലവും കാലവർഷ ത്തിന്റെ കുറവും കാലാവസ്ഥാ വ്യതിയാനം മൂലവും ഉപഭോഗം കൂടിയതു കൊണ്ട് ഉണ്ടായ നിലവിലെ വൈദ്യുതി പ്രതിസന്ധി മറികടക്കുന്നതിന് 250 മെഗാവാട്ടിനായുള്ള ഹ്രസ്വകാല കരാർ കമ്മീഷന്റെ അനുമതിയ്ക്കായി അപേക്ഷ സമർപ്പിക്കുകയും അനുമതി ലഭിയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ വൈദ്യുതി ലഭ്യതയിലുള്ള കുറവ് നികത്തുന്നതിനായി വൈദ്യുതി വാങ്ങുന്ന തിനുള്ള ടെൻഡർ നടപടി ക്രമങ്ങൾ പുരോഗമിക്കുകയാണ്. |
| (ബി) | പ്രസ്തുത നടപടി കെ.എസ്.ഇ.ബി. യ്ക്ക് കടുത്ത സാമ്പത്തിക ബാദ്ധ്യതയ്ക്ക് കാരണമാകുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | ദീർഘകാല കരാറുകൾ റദ്ദാക്കിയ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ നടപടിക്കെതിരെ കെ.എസ്.ഇ.ബി.എൽ സമർപ്പിച്ച അപ്പീൽ അപ്പലേറ്റ് ട്രിബ്യൂണൽ ഫോർ ഇലക്ട്രിസിറ്റി (APTEL) -യുടെ പരിഗണനയിലാണ്. ബഹു.മുഖ്യമന്ത്രിയുടെ |

| | | | |
|---|---|---|---|
| | | | അദ്ധ്യക്ഷതയിൽ 25.08.2023-ന് ഒരു യോഗം ചേർന്ന് പ്രസ്തുത വിഷയം വിശദമായി ചർച്ച ചെയ്യുകയും 465 MW വൈദ്യുതിക്കുള്ള കരാറുകൾ (DBFOO കരാറുകൾ) റദ്ദാക്കിയ വിഷയത്തിൽ ബന്ധപ്പെട്ടവരുമായി ആശയ വിനിമയം നടത്തി അടിയന്തിര തുടർ നടപടി സ്വീകരിക്കുന്നതിന് ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി യോഗത്തിൽ തീരുമാന മെടുക്കുകയും ചെയ്തിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരികയാണ്. സംസ്ഥാനത്ത് വൈദ്യുതി വിതരണം തടസ്സമില്ലാതെ നടത്തുന്നതിന് ആവശ്യമായ എല്ലാ ക്രമീകരണങ്ങളും നടത്തുവാൻ യോഗത്തിൽ കെ.എസ്.ഇ.ബി.എൽ-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | പ്രസ്തുത നീക്കത്തിൽ നിന്നും പിന്മാറാൻ കെ.എസ്.ഇ.ബി. തയ്യാറാകുമോയെന്ന് അറിയിക്കാമോ? | (സി) | ദീർഘകാല കരാറുകൾ റദ്ദാക്കിയ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ നടപടിക്കെതിരെ കെ.എസ്.ഇ.ബി.എൽ സമർപ്പിച്ച അപ്പീൽ അപ്പലേറ്റ് ട്രിബ്യൂണൽ ഫോർ ഇലക്ട്രിസിറ്റി (APTEL) -യുടെ പരിഗണനയിലാണ്. ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 25.08.2023-ന് ഒരു യോഗം ചേർന്ന് പ്രസ്തുത വിഷയം വിശദമായി ചർച്ച ചെയ്യുകയും 465 MW വൈദ്യുതിക്കുള്ള കരാറുകൾ (DBFOO കരാറുകൾ) റദ്ദാക്കിയ വിഷയത്തിൽ ബന്ധപ്പെട്ടവരുമായി ആശയ വിനിമയം നടത്തി അടിയന്തിര തുടർ നടപടി സ്വീകരിക്കുന്നതിന് ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി യോഗത്തിൽ തീരുമാന മെടുക്കുകയും ചെയ്തിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരികയാണ്. സംസ്ഥാനത്ത് വൈദ്യുതി വിതരണം തടസ്സമില്ലാതെ നടത്തുന്നതിന് ആവശ്യമായ എല്ലാ ക്രമീകരണങ്ങളും നടത്തുവാൻ യോഗത്തിൽ കെ.എസ്.ഇ.ബി.എൽ-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ